ഓഡിറ്റിംഗ് പൂർത്തിയാക്കുമെന്ന വ്യവസ്ഥയോടെ 3 മാസം വരെ മണൽ ഖനനം നടത്തുന്നതിന് താൽക്കാലികാനുമതി നൽകുകയും വീട് നിർമ്മാണത്തിന് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിന്റെ അതിർത്തിയിലൂടെ മണൽ കൊണ്ടു വരുന്നത് സുഗമമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. 28-10-2014-ന് ചേർന്ന റിവർ മാനേജ്മെന്റ് സംസ്ഥാന ഉന്നതതല സമിതിയിൽ മണൽ ഓഡിറ്റ് പൂർത്തിയാവുകയും നടപടി റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ചെയ്യുന്ന പക്ഷം നദികളിൽ നിന്നും മണൽ ഖനനം നടത്തുന്നതിനും ഇ-സാന്റ് പദ്ധതിയിലൂടെ മണൽ വിതരണം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അനധികൃത മണൽ കടത്തിനിടെ കണ്ടുകെട്ടുന്ന മണൽ പൊതുമരാമത്ത് വില നിരക്കിൽ നിർമ്മിതി കേന്ദ്രയുടെ കലവറ വഴി വിതരണം ചെയ്യുന്നുമുണ്ട്.

വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജ് നിർമ്മാണം

210 (1267) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മണ്ഡലത്തിലെ വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിന് കെട്ടിടം നിർമ്മിക്കാനായി വടക്കഞ്ചേരി പഞ്ചായത്തിൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള ബ്ലോക്ക് 45-ൽ റീ-സർവ്വേ 28/1, 28/2-ൽപ്പെട്ട 185.25 സെന്റ് ഭൂമി പട്ടികജാതി വകുപ്പിന് നല്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഭൂമി പട്ടികജാതി വകുപ്പിന് വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ ;

(സി) ഈ ഭൂമി ആവശ്യപ്പെട്ട് കമ്മ്യൂണിറ്റി കോളേജ് പി.ടി.എ. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് WP(c) 20732/13 പിൻവലിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ ഭൂമി പട്ടികജാതി വകുപ്പിന് കൈമാറുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഭൂമി കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭൂമി കൈമാറ്റ നിർദ്ദേശം സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഭൂമി കൈമാറ്റ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly